# പതിനാലാം കേരളനിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3508 — 22.08.2017 ൽ മറുപടിയ്ക്ക്

### മെഡിക്കൽ റീ-ഇംബേഴ്സിനുള്ള അപേക്ഷകൾ

| | ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | വിവിധ വകുപ്പുകളിലെ സർക്കാർ ഉദ്യോഗസ്ഥരുടെ മെഡിക്കൽ റി-ഇംബേഴ്സിനുള്ള എത്ര അപേക്ഷകൾ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ തീരുമാനമെടുക്കപ്പെടാതെയുണ്ട് എന്നുള്ള വിവരം അറിയിക്കാമോ; | എ) | 1051 എണ്ണം. |
| ബി) | അപേക്ഷകൾ തീർപ്പാക്കപ്പെടുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | എങ്കിൽ കാലതാമസം ഒഴിവാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; | സി) & ഡി) | ധനകാര്യ വകുപ്പിന്റെ 18.12.2014 ലെ 107/14/ധന നമ്പർ സർക്കുലർ പ്രകാരം മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷകളിൽ അനുവദനീയമായ ഇനങ്ങൾ രേഖപ്പെടുത്തുകയും അതിൽ അനുവദനീയമായ തുകകൂടി കണക്കാക്കി ആരോഗ്യ വകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തി നൽകേണ്ടതുള്ളതിനാലാണ് അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ കഴിയാതെ വന്നത്. നിലവിൽ തീർപ്പാക്കാനുള്ള അപേക്ഷകൾ എത്രയും വേഗം തീർപ്പാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ മറ്റു സെക്ഷനിലെ ജീവനക്കാരുടെ സേവനം കൂടി ലഭ്യമാക്കിക്കൊണ്ട് പരമാവധി അപേക്ഷകൾ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അനുവദനീയമായ തുക കണക്കാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭിക്കുന്ന അപേക്ഷകളുടെ ബാഹുല്യം കുറയ്ക്കുന്നതിനായി മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷകളുടെ പരിശോധനയുമായി ബന്ധപ്പെട്ട പരിധി |
| ഡി) | ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ? | | |

| | | | |
|---|---|---|---|
| | | | നിശ്ചിയിച്ചുകൊണ്ടുള്ള 07.11.2012 ലെ സർക്കാർ ഉത്തരവ്(കൈ) 378/2012/ആകവ നമ്പർ ഉത്തരവ് ഭേദഗതി വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ